### സാമൂഹികജീവിയായ മുസ്ലിമും സംഘടനാജീവിയായ മുസ്ലിമും തമ്മിലുള്ള ഭീമാന്തരം തെളിയിക്കുന്ന കേരളത്തിലെ പ്രശസ്തരായ രണ്ട് മുസ്ലിം മാധ്യമ പ്രവർത്തകരുടെ ആത്മകഥകൾ താരതമ്യം ചെയ്യപ്പെടുന്നു

■ നിസാർ കെ.

# കാലമെഴുത്തും ശത്രുക്കളും

പേരുകേട്ട പത്രപ്രവർത്തകരാണ് പുത്തൂർ മുഹമ്മദും ഒ. അബ്ദുല്ലയും. കർമ്മകാണ്ഡത്തിന് അസ്തമയമായെന്ന തോന്നലാവാം രണ്ടു പേരെയും ആത്മകഥാരചനയ്ക്ക് പ്രേരിപ്പിച്ചത്. മലയാള മനോരമയിലെ മൂന്ന് പതിറ്റാണ്ടു കാലത്ത് പത്രപ്രവർത്തന ജീവിതത്തിൽനിന്നും വിരമിച്ച ശേഷം വർത്തമാനം ദിനപത്രത്തിലും ജിദ്ദയിൽനിന്നു പ്രസിദ്ധീകരിക്കുന്ന മലയാളം ന്യൂസിലും കുറച്ച് കാലം പ്രവർത്തിച്ചിരുന്നുവെങ്കിലും 2003-നുശേഷം സജീവപത്രപ്രവർത്തന രംഗത്തുനിന്നും പൂർണ്ണമായി പിൻവാങ്ങിയ ആളാണ് പുത്തൂർ മുഹമ്മദ്. 2007-ലാണ് പുത്തൂരിന്റെ ആത്മകഥ 'കാലം പത്രം അനുഭവങ്ങൾ' പുറത്തിറങ്ങിയത്. ഒ. അബ്ദുള്ള പക്ഷേ, ഈ രംഗത്ത് ഇപ്പഴും സജീവമാണ്. മാധ്യമം ദിനപത്രത്തിൽ അതിന്റെ ആരംഭം മുതൽ 2001 വരെ അസോസിയേറ്റ് എഡിറ്ററായിരുന്നു ഒ. അബ്ദുല്ല. ആ പത്രസ്ഥാപനത്തിൽ നിന്നും ബഹിഷ്കൃതനായതിനുശേഷവും ആനുകാലികങ്ങളിലും ചാനൽ ചർച്ചകളിലും സജീവമാണ് അദ്ദേഹം. ഒ. അബ്ദുല്ലയുടെ ആത്മകഥ 'ശത്രുക്കളല്ല സ്നേഹിതന്മാർ' പുസ്തകരൂപത്തിൽ പുറത്തിറങ്ങിയത് ഈയിടെയാണ്.

കേരളാ മുസ്ലീങ്ങളിൽ പ്രകടമായ രണ്ട് ധാരകളെയാണ് ഈ രണ്ട് തലമുതിർന്ന പത്രപ്രവർത്തകർ പ്രതിനിധീകരിക്കുന്നത് എന്നതുകൊണ്ട് ഈ രണ്ടു ജീവിത പുസ്തകങ്ങളുടെയും താരതമ്യ വായനയാണ് ഈ കുറിപ്പ്. മുസ്ലിം സമൂഹത്തിലെ ഈ രണ്ട് ധാരകളേതെന്ന ചോദ്യമുണ്ടാവാം. വളരെ ലളിതമാണ് ഇതിനുള്ള ഉത്തരം. മുസ്ലിമായി ജീവിക്കുമ്പോഴും താൻ ജീവിക്കുന്ന പരിതസ്ഥിതിയിലെ പൊതുസമൂഹത്തിന്റെ ഭാഗമാണ് താനും എന്ന തിരിച്ചറിവ് സൂക്ഷിക്കുന്നവരാണ് ആദ്യ ധാര. മത സംഘടനകളിൽ ബന്ധിതരല്ലാത്ത മുസ്ലീങ്ങൾ, സ്വതന്ത്ര മുസ്ലീങ്ങൾ എന്ന് ഇവരെ വിളിക്കാം. പലകാര്യങ്ങളിലും ഭിന്നജാതീയതയാണ് ഈ വിഭാഗത്തിന്റെ സവിശേഷത. സ്വപ്നങ്ങളും രാഷ്ട്രീയ വീക്ഷണങ്ങളുമൊക്കെ പരസ്പരം വ്യത്യസ്തമോ പൊരുത്തങ്ങളിൽ ഏറ്റക്കുറച്ചിലുകൾ ഉള്ളതോ ആയിരിക്കും. വിദ്യാഭ്യാസം തൊഴിൽ തുടങ്ങിയ രംഗങ്ങളിലൊക്കെ പൊതുസമൂഹത്തിന്റെ ഭാഗമായി നിന്നുകൊണ്ട് മത്സരിക്കുന്നവരായിരിക്കും ഇവർ. വിജയവും പരാജയവും ഒക്കെ ഏവരെയും പോലെ അനുഭവിക്കുന്നവർ. സംഘടനാ മുസ്ലീങ്ങളാണ് രണ്ടാമത്തെ വിഭാഗം. മുസ്ലിം സമൂഹത്തിൽ ധാരാളം സംഘടനകൾ ഉണ്ട്. ഇത്തരം സംഘടനകളുടെ ഭാഗമായി നിന്നുകൊണ്ട് ലോകത്തെ കാണുന്ന വിഭാഗമാണിവർ. ഓരോ സംഘടനയും ചിന്താപരമായ ഏകജാതീയ സമൂഹങ്ങൾക്ക് ഉദാഹരണമാണ്. സാമ്പത്തികമായും തൊഴിൽപരമായും തങ്ങൾ സുരക്ഷിതരാണെന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നതിനും കാരണങ്ങൾ ഉണ്ട്. മുസ്ലിം സംഘടനകൾ എല്ലാം തന്നെ കച്ചവടരംഗത്തും സേവനരംഗത്തുമായി വലിയ തൊഴിൽ ദാതാക്കൾക്കൂടിയാണെന്നതാണ് ഇതിനുള്ള കാരണം. താൻ പ്രതിനിധീകരിക്കുന്ന സംഘടനയ്ക്ക് കീഴിലുള്ള ഏതെങ്കിലും സ്ഥാപനത്തിൽ ഭേദപ്പെട്ട ഒരു ജോലി. അതോടൊപ്പം സംഘടനാ പ്രവർത്തനവും; തുടങ്ങിയ, തന്നിലേക്കും തങ്ങളിലേക്കും ചിന്തയേയും സ്വപ്നങ്ങളേയും സങ്കോചിപ്പിച്ച് നിർത്തുന്നവരാണ് ഈ ധാരയിലെ ഉത്തമ പൗരന്മാർ.

പുത്തൂർ മുഹമ്മദ് എന്ന പത്രപ്രവർത്തകൻ ഇതിൽ ആദ്യത്തെ ധാരയെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്ന് നിസ്സംശയം പറയാം. ഒരു പ്രഖ്യാപിത മൗദൂദിസ്റ്റ് ആകയാൽ ഒ. അബ്ദുല്ലയുടെ കാര്യത്തിലും സംശയങ്ങൾക്ക് ഇടമുണ്ടാവാനിടയില്ല. രണ്ടാമത്തെ ധാരയിലെ പ്രമുഖനാണ് അദ്ദേഹം. ഭേദപ്പെട്ട ഒരു തൊഴിൽ, അതുവഴി ദാരിദ്ര്യത്തിൽ നിന്നുള്ള മോചനം, വിദ്യാർത്ഥികാലം മുതലെയുള്ള പരന്ന വായനയുടെ കരുത്ത്, ഒപ്പം അറിയാനും അറിയിക്കാനുമുള്ള അടങ്ങാത്ത ആഗ്രഹത്തിന്റെ കൈമുതൽ ഇതൊക്കെയാണ് പുത്തൂരിനെ അധ്യാപകവൃത്തിയിലേക്കും തുടർന്ന് പത്രപ്രവർത്തന രംഗത്തേയ്ക്കും എത്തിച്ചത്. കർമ്മരംഗത്താകട്ടെ തികഞ്ഞ മനുഷ്യസ്നേഹി ആയിരുന്നു അദ്ദേഹം. ഒ. അബ്ദുല്ലയുടെ ജീവിതത്തെ മുന്നോട്ടു നയിച്ച ആശയാദർശങ്ങളാവട്ടെ തികച്ചും വ്യത്യസ്തങ്ങളാണ്. ഇസ്ലാമിക പ്രവർത്തനത്തിനുള്ള കർമ്മഭടനായി തീരുക എന്നതായിരുന്നു ഒ. അബ്ദുല്ലയുടെ എക്കാലത്തെയും സ്വപ്നം എന്ന് അദ്ദേഹത്തിന്റെ ആത്മകഥയിൽ വായിക്കാം. പഠനവും തൊഴിലുമൊക്കെ നൂറ് ശതമാനവും ഇസ്ലാമികമായ അന്തരീക്ഷത്തിലാണ് ഒ. അബ്ദുല്ല നിറവേറ്റിയതും തുടർന്നു പോരുന്നതും. സർക്കാർ തൊഴിലിനോടു പുറംതിരിഞ്ഞു നിൽക്കാൻ പ്രേരിപ്പിച്ച മതാധ്യാപകന്റെ ഉത്തമ ശിഷ്യനായിരുന്നു അദ്ദേഹം. ഒടുവിൽ 'ഖത്തർ സർക്കാരി'ന്റെ വേതനത്തിൽ സ്വന്തം നാട്ടിൽ അധ്യാപകനാവാനുള്ള ഭാഗ്യം സിദ്ധിച്ചു എന്ന അപൂർവ ബഹു


മതിയും അദ്ദേഹത്തിന് കൈവരിക്കാനായി.


പുത്തൂരും അബ്ദുല്ലയും തമ്മിലുള്ള വ്യത്യാസം പുത്തൂർ പ്രൊഫഷണൽ പത്രപ്രവർത്തകനും ഒ. അബ്ദുല്ല പ്രൊഫഷണൽ ഇസ്ലാമി സംഘടനാ പ്രവർത്തകനും ആയിരുന്നു എന്നതാണ്. ഇസ്ലാം പഠനങ്ങൾക്ക് ശേഷം ജമാഅത്തെ ഇസ്ലാമിയുടെ ജിഹ്വയായ 'പ്രബോധനം' വാരികയിലൂടെയാണ് ഒ. അബ്ദുല്ലയുടെ പത്രപ്രവർത്തന ജീവിതം ആരംഭിക്കുന്നത്. പ്രബോധനത്തിലെ പത്രപ്രവർത്തനം എന്നത് ബൗദ്ധികമായ സംഘടനാപ്രവർത്തനം എന്നതിൽ കവിഞ്ഞ് ഒന്നുമല്ലായിരുന്നെന്ന് അക്കാലത്ത് അദ്ദേഹം നടത്തിയ ഇടപെടലുകളെക്കുറിച്ചുള്ള വിവരങ്ങളിൽനിന്നും വായിച്ചെടുക്കാം. ജമാഅത്തെ ഇസ്ലാമി പൊതുവിൽ മൗദൂദിയൻ പ്രതിലോമ ആശയങ്ങളുടെ ഹാങ്ങോവറിലായിരുന്നപ്പോഴാണ് അദ്ദേഹത്തിന്റെ 'പ്രബോധനകാല' സേവനം. പിന്നീട് മാധ്യമം ദിനപത്രത്തിൽ അസോസിയേറ്റ് എഡിറ്ററായിരിക്കുമ്പോഴും രണ്ടിലധികം ജമാഅത്തെ ഇസ്ലാമി നിയന്ത്രിത പള്ളികളുടെ കാര്യക്കാരനും വെള്ളിയാഴ്ച പ്രാസംഗികനും ജമാഅത്തെ ഇസ്ലാമിയുടെ തന്നെ കോളേജുകളിൽ അധ്യാപകനുമൊക്കെയായി ശോഭിച്ച ജമാഅത്തെ ഇസ്ലാമിയുടെ മികച്ച കർമ്മഭടൻ തന്നെയായിരുന്നു അദ്ദേഹം.

തൊണ്ണൂറുകൾക്കുശേഷം കേരളത്തിലെ മുസ്ലിം സംഘടനകൾക്കിടയിൽ രൂപപ്പെട്ട കിടമത്സരങ്ങളുടെ സ്മാരകങ്ങളാണ് മലബാറിലെ പള്ളികളുടെ ആധിക്യം. ഗ്രാമങ്ങളിലും നഗരങ്ങളിലുമായി കേരളത്തിൽ അങ്ങോളമിങ്ങോളം ആധിപത്യം സ്ഥാപിക്കണമെന്ന് ഓരോ സംഘടനയ്ക്കും തോന്നിത്തുടങ്ങിയതും സംഘടനകളുടെ ഖജനാവുകളിൽ വിവിധ രൂപത്തിൽ പെട്രോഡോളർ വന്നുകൊണ്ടിരുന്നതും ഈ പ്രതിഭാസത്തിന് ആക്കം കൂട്ടുകയുണ്ടായി. മലബാറിലെ പെട്രോഡോളർ വസന്തം മുസ്ലിം സംഘടനകൾക്കിടയിൽ പൊതുവിൽ രൂപപ്പെടുത്തിയ ദുർപ്രവണതകളെ തിരിച്ചറിയാനാവാതെ ഒ. അബ്ദുല്ല അതിന്റെ ഭാഗഭാക്കായപ്പോൾ പുത്തൂർ മുഹമ്മദിലെ പത്രപ്രവർത്തകൻ ഈ മാറ്റങ്ങളെ രേഖപ്പെടുത്തുന്നതിലാണ് ഊന്നിയത്.

പുത്തൂർ അദ്ധ്യാപകവൃത്തിയിൽ നിന്നും പത്രപ്രവർത്തന രംഗത്തേയ്ക്ക് വരുന്നത് 1965-ലാണ്. ചന്ദ്രികയിലായിരുന്നു തുടക്കമെങ്കിലും അതിന് മുൻപെ 'പൗരപംക്തി'കളിലെ നിലവാരമുള്ള കുറിപ്പുകളിലൂടെ ശ്രദ്ധേയനായിരുന്നു അദ്ദേഹം. നാല് വർഷത്തിനുശേഷം 1969-ൽ മലയാള മനോരമയിൽ കോഴിക്കോട് റിപ്പോർട്ടറായി ചേർന്ന പുത്തൂർ മുഹമ്മദ് പിന്നീട് അതേ പത്രത്തിലെ തന്നെ പാലക്കാട്, ഡൽഹി ലേഖകനായി. മനോരമയുടെ കൊല്ലം യൂണിറ്റ് കോ- ഓഡിനേറ്റിങ് എഡിറ്റർ ആയാണ് 1998-ൽ അദ്ദേഹം വിരമിച്ചത്.

ആത്മകഥകൾ കാലത്തിന്റെ കൂടി കഥയാവേണ്ടതുണ്ട് എന്ന പരികല്പന സ്വീകരിച്ചാൽ പുത്തൂർ അതിൽ പൂർണ്ണമായി വിജയിച്ചതായി കാണാം. ഒ. അബ്ദുല്ലയുടെ ആത്മകഥയാവട്ടെ വിരസമായി തീരുന്നത് കാലത്തിന്റെ സമ്പൂർണ്ണമായ അഭാവത്തിലാണ്. ഒരു പത്രസ്ഥാപനത്തിൽ പതിറ്റാണ്ടുകാലം അസോസിയേറ്റ് എഡിറ്ററായി ജോലി ചെയ്ത ആളുടെ ജീവിതത്തിൽ നിന്നും കാലം വിശേഷിച്ചും അതീവ പ്രാധാന്യം അർഹിക്കുന്ന ചില ചരിത്ര മുഹൂർത്തങ്ങൾ പോലും എന്തുകൊണ്ട് ഒളിഞ്ഞ് കിടക്കുന്നു എന്നന്വേഷിക്കുമ്പോഴേ സംഘടനാ മുസ്ലിങ്ങളുടെ ബൗദ്ധിക നിലവാരം പിടികിട്ടൂ. പുത്തൂരും ഒ. അബ്ദുല്ലയും കാലത്തെ കാണുന്നതിൽ പ്രകടമാകുന്ന അന്തരം അതിന്റെ ഒന്നാന്തരം സൂചകമാണ്.




പ്രതിഷേധത്തിന്റെ ഒരുതരം വക്രിച്ച ഭാഷയിലാണ് ഒ. അബ്ദുല്ല തന്റെ ജീവിതം കുറിക്കുന്നത്. കൃത്യമായ ചില ലക്ഷ്യങ്ങൾക്കുവേണ്ടി ധൃതിപിടിച്ചെഴുതിയ ഒരാത്മകഥയുടെ മട്ടുണ്ട് അത് വായിക്കുമ്പോൾ. കുടുംബത്തെ കുറിച്ചായാലും നാടിനെപ്പറ്റിയായാലും ഔദ്യോഗിക ജീവിതത്തിന്റെ ഏടുകളെ കുറിച്ചായാലും പ്രത്യയശാസ്ത്രപരമായ തെളിച്ചു പറഞ്ഞാൽ ഇസ്ലാമിക സംഘടനാ തർക്കങ്ങളുടെ ഒരു നീണ്ട വിവരണമാണ് 'ശത്രുക്കളല്ല സ്നേഹിതന്മാർ' എന്ന ആത്മകഥ. കേരളത്തിലെ മുസ്ലിം സംഘടനകളുടെ നടപ്പുരീതികൾ അറിയാനും പഠിക്കാനും ആഗ്രഹിക്കുന്നവർക്ക് ഇതൊരു വിലപ്പെട്ട റഫറൻസ് പുസ്തകം ആയിരിക്കാം.

2001-ൽ മാധ്യമം ദിനപത്രത്തിൽ നിന്ന് ' അന്യായമായി' ഒ. അബ്ദുല്ലയെ പുറത്താക്കപ്പെടുന്നതിലേക്ക് എത്തിച്ച സംഭവങ്ങളുടെ അടിയൊഴുക്കുകൾ അവതരിപ്പിക്കുന്നതിനാണ് 272 പേജുകളുള്ള പുസ്തകത്തിന്റെ പകുതിയിലേറെ താളുകൾ നീക്കിവച്ചിരിക്കുന്നത്. മറുപകുതിയുടെ മുക്കാൽ പങ്കും ചേന്നമംഗലൂർ ഗ്രാമത്തിലെ ബാല്യം തൊട്ടുള്ള അനുഭവങ്ങൾ വിവരിക്കാനും നീക്കിവച്ചിരിക്കുന്നു. ചേന്നമംഗലൂർ ഗ്രാമത്തിന്റെ ഇന്നലെകൾ അവതരിപ്പിക്കുന്നതിൽ പോലും അദ്ദേഹത്തിലെ പത്രപ്രവർത്തകൻ പരാജയപ്പെട്ടു എന്നുവേണം കരുതാൻ. ചേന്നമംഗലൂർ അംശത്ത് സ്വതന്ത്രപുലരിക്കുശേഷം ഉണ്ടായ മാറ്റങ്ങൾ മലയാളത്തിലെ സാംസ്കാരിക സംവാദങ്ങളിൽ ചില നവീന പ്രവണതകൾക്ക് ശക്തിപകരാൻ ഇടയാക്കിയിട്ടുള്ളതായി കാണാം. നിർഭാഗ്യകരമെന്നു പറയട്ടെ ഒ. അബ്ദുല്ലയുടെ സുദീർഘമായ ചേന്നമംഗലൂർ അവതരണം അവിടത്തുകാർക്ക് മാത്രം മനസ്സിലാകുന്ന കുറേ 'സ്ലാങ്ങു'കളിലും കോമഡികളിലും ഒതുങ്ങുകയാണ് ചെയ്യുന്നത്. ചേന്ദമംഗലംകാരൻ അല്ലാത്ത, ജമാഅത്തെ ഇസ്ലാമിയിലും അനുബന്ധ വിഷയങ്ങളിലും ഒട്ടും താല്പര്യമില്ലാത്ത ഭൂരിപക്ഷം മലയാളികൾക്കും ഈ ആത്മകഥ അങ്ങേയറ്റം വിരസതയല്ലാതെ ഒന്നും സമ്മാനിക്കില്ല എന്നുറപ്പാണ്. സ്വന്തം കണ്ണുകൾകൊണ്ട് ലോകത്തെ കാണാൻ അനുവദിക്കാത്ത, വൈവിധ്യങ്ങളെയും ബഹുസ്വരതയേയും കുറിച്ചൊക്കെ പറയുമ്പോഴും അതൊന്നും എന്താണെന്നറിയിക്കാതെയുള്ള സവിശേഷമായ ഒരു ബോധരൂപീകരണ പ്രക്രിയയിലൂടെയാണ് സംഘടനാ മുസ്ലീങ്ങൾ അവതരിപ്പിക്കുന്ന മാതൃകാമുസ്ലീം രംഗത്ത് വരുന്നത്. മുസ്ലീമിനെ ഒരു സാമൂഹികജീവിയായി അവതരിപ്പിക്കുന്ന പുത്തൂരും മുസൽമാനെ വെറും സംഘടനാജീവിയായി കാണുന്ന ഒ. അബ്ദുല്ലയും തമ്മിലുള്ള ഈ ഭീമാന്തരം തന്നെയാണ് കേരളീയ സാഹചര്യത്തിലെ സ്വതന്ത്ര മുസ്ലീങ്ങളും സംഘടനാ മുസ്ലീങ്ങളും തമ്മിലുള്ള വ്യത്യാസം. ■